**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **30-01-2024 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മിഷൻ 1000 പദ്ധതിയിൽ എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ, "മിഷൻ 1000" വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ യാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>2024 ജനുവരി 25 വരെയുള്ള കണക്കു പ്രകാരം 552 അപേക്ഷകൾ മിഷൻ 1000 പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ അപേക്ഷകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. അനുബന്ധരേഖകളിലെ പൊരുത്തക്കേടുകൾ കാരണം അവയിൽ ചില അപേക്ഷകൾ നിരസിക്കുകയും, ചിലരേഖകളിലെ കൃത്യത ഉറപ്പുവരുത്തുവാൻ വേണ്ടി അപേക്ഷകന് തിരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2023 ഡിസംബർ 21-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ (എസ്.എൽ.എ.സി) മുമ്പാകെ കൃത്യമായ പരിശോധനകൾക്കുശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യബാച്ച് സംരംഭങ്ങളെ തിരഞ്ഞെടുക്കുവാൻ വേണ്ടി സമർപ്പിക്കുകയും അതിൽ 60 മാർക്കോ അതിനു മുകളിൽ മാർക്കോ ലഭിച്ച 88 സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. |
| (ബി) | രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് | (ബി) | തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രധാനമായും താഴെ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br><br>1.മൂലധന നിക്ഷേപ സബ്സിഡി 40% (പരമാവധി 2 കോടി രൂപ വരെ)<br><br>2.പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (പരമാവധി 50 ലക്ഷംരൂപ വരെ)<br><br>3.സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് പരമാവധി ഒരുലക്ഷം രൂപ വരെ)<br><br>4.തിരഞ്ഞെടുത്ത ഓരോ സംരംഭത്തിനും വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്നുമുള്ള ഒരു ഉദ്യോഗസ്ഥന്റെ മാർഗ്ഗനിർദ്ദേശം. |

സെക്ഷൻ ഓഫീസർ